## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : **5846** 09/07/2012-ൽ മറുപടിയ്ക്ക്

**പുനലൂർ മണ്ഡലത്തിലെ ആയൂരിൽ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുന്ന നടപടി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. രാജു | ശ്രീ. അടൂർ പ്രകാശ് (റവന്യുവും കയറും വകുപ്പ് മന്ത്രി) |
| (എ) പുനലൂർ മണ്ഡലത്തിൽ ഉൾപ്പെട്ട ആയൂരിൽ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണത്തിനായി മുൻ സർക്കാരിന്റെ കാലത്ത് 2 ഏക്കർ 10 സെന്റ് സ്ഥലം ഏറ്റെടുത്ത് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ റദ്ദ് ചെയ്തിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) പ്രസ്തുത സ്ഥലം പൊന്നും വിലയ്ക്ക് ഏറ്റെടുക്കുന്ന നടപടിയുടെ ഇപ്പോഴത്തെ അവസ്ഥ എന്തെന്ന് വ്യക്തമാക്കുമോ ; | (ബി) ഭൂമി ഏറ്റെടുക്കൽ നടപടി നിർത്തിവച്ചതിന്റെ അടിസ്ഥാനത്തിൽ 1894-ലെ സ്ഥലമെടുപ്പ് ആക്റ്റ് ചട്ടം 9(2) പ്രകാരമുള്ള പിൻവാങ്ങൽ വിജ്ഞാപനം പ്രസിദ്ധപ്പെടുത്തുന്നതിനുള്ള നടപടികൾ എടുത്തുവരുന്നു. |
| (സി) ഇത് സംബന്ധിച്ച് എന്തെങ്കിലും കേസ് നിലവിലുണ്ടോ ; | (സി) ഉണ്ട്. ഭൂമി ഏറ്റെടുക്കലിനെതിരെ ഭൂവുടമകൾ ബഹു: കേരളാ ഹൈക്കോടതിയിൽ ഡബ്ല്യു. പി. (സി) 35896/10 നമ്പരായും, ഏറ്റെടുക്കൽ നടപടി നിർത്തിവച്ച ലാന്റ് റവന്യു കമ്മീഷണറുടെ ഉത്തരവിനെതിരെ ഇടമുളയ്ക്കൽ ഗ്രാമപഞ്ചായത്ത് ഡബ്ല്യു.പി. (സി) 32740/11 നമ്പരായും റിട്ട് പെറ്റീഷനുകൾ ഫയൽ ചെയ്തിട്ടുണ്ട്. |
| (ഡി) ലാന്റ് റവന്യു കമ്മീഷണറേറ്റിൽ പ്രസ്തുത നടപടികളുടെ പ്രവർത്തനങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ? | (ഡി) പിൻവാങ്ങൽ വിജ്ഞാപനം പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ.